പാകമായിട്ടില്ല. ഇവിടെ നാട്ടുകാർ കോൺക്രീററുകൃഷിയാണു നടത്തുന്നതു്. പുല്ലുകൃഷിക്കുവേണ്ട വിവേകം അവർക്കു കൈവന്നിട്ടില്ല.

മുഹമ്മദ് പിറേറന്നു് തോമസ്സിനു മാസിക മടക്കിക്കൊടുത്തു. കൺട്രാക്ടർ വേലപ്പനെ വീണ്ടും സമീപിച്ചു് കെട്ടിടത്തിന്റെ പ്ളാൻ അംഗീകരിച്ചു്, കരാർ ഉറപ്പിച്ചു്, അഡ്വാൻസും കൊടുത്തു. അവധി കഴിഞ്ഞു തിരിച്ചുപോകുംമുമ്പു പണി തുടങ്ങിവയ്ക്കുകയെങ്കിലും വേണ്ടേ?

22 ഡിസംബർ, 1985

# 94. ഭൂമിയും മനുഷ്യനും

ഭൂമിയും മനുഷ്യനും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധം എന്തു് എന്ന പ്രശ്നം കേരളത്തിൽ രൂക്ഷമായ രൂപം കൈക്കൊണ്ടിരിക്കുകയാണല്ലോ.

മനുഷ്യന്റെ കൈയേററം വളരെ വലിയ ഒരററം വരെ ഭൂമി സഹിക്കും. എന്നാൽ, ഭൂമിയുടെ ക്ഷമയ്ക്കും അതിരുണ്ടു്. കൈയേററം അതിരു കടന്നാൽ ഭൂമി തിരിച്ചടിക്കും. ഫലം: മലയിടിയൽ, മണ്ണൊലിപ്പു്, വെള്ളപ്പൊക്കം, വരൾച്ച, മണ്ണു് തരിശാവൽ, നിരന്തരമായ കൃഷിപ്പിഴ.

കേരളത്തിൽ മനുഷ്യന്റെ കൈയേററം ഭൂമിയുടെ ക്ഷമയുടെ അതിർത്തി ലംഘിച്ചിരിക്കുന്നു എന്ന സൂചന ഇക്കഴിഞ്ഞ (ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന) കടുത്ത വരൾച്ചയിൽനിന്നു് നമുക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

രാഷ്ട്രീയപ്പാർട്ടിക്കാർ ഒഴികെയുള്ള ജനങ്ങളെല്ലാം ഈ സൂചന മനസ്സിലാക്കിക്കഴിഞ്ഞു. പക്ഷേ, രാഷ്ട്രീയപ്പാർട്ടിക്കാർ, മുഖ്യമായും രണ്ടു കേരളകോൺഗ്രസ്സുകളും മുസ്ലീംലീഗും, ഈ സൂചന മനസ്സിലാക്കാൻ ഇനിയും തയ്യാറായിട്ടില്ല.

വനംകൈയേററത്തിന്റെ പിന്നിൽ ഉറച്ചുനിൽക്കുവാൻതന്നെയാണു് അവർ തീരുമാനിച്ചിട്ടുള്ളതെന്നു്, നിയമസഭയിൽ ഈ പാർട്ടികളുടെ നേതാക്കൾ നടത്തിയ പ്രസ്താവനകളിൽനിന്നു വ്യക്തമാകുന്നു.

ഭരണം നടത്തുന്ന ഐക്യമുന്നണിയിലെ ഘടകങ്ങളായ ഈ പാർട്ടികളുടെ എതിർപ്പു് വിഗണിച്ചു് വനംകൈയേററം തടയാൻ ആഗ്രഹമുണ്ടെങ്കിൽത്തന്നെ, സർക്കാരിനു സാധിക്കുമോ? പ്രത്യേകിച്ചും, ഭരണമുന്നണിയിലെ ഭിന്നിപ്പുകളിൽനിന്നു പരമാവധി മുതലെടുക്കുന്ന എതിർകക്ഷികൾ കൂടി കൈയേററക്കാരെ ഒഴിപ്പിക്കുന്നതിനു തടസ്സം ഉണ്ടാക്കുമ്പോൾ? ഇതു് കണ്ടുതന്നെ അറിയണം.

പ്രകൃതിയോടിണങ്ങി, പ്രകൃതിയുടെ ഭാഗമായി, ജീവിച്ച പ്രാചീന മനുഷ്യർക്കു് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെപ്പററി വ്യക്തമായ ധാരണയുണ്ടായിരുന്നു. ഈ ധാരണ, പരിഷ്കൃതമനുഷ്യർക്കു നഷ്ടപ്പെട്ടുപോയിരിക്കുന്നു.

വടക്കേ അമേരിക്കയിൽ യൂറോപ്യന്മാർ കുടിയേറിപ്പാർക്കുമ്പോൾ ആ വൻകര ജനവാസശൂന്യമായിരുന്നില്ല. വേട്ടയാടിയും കൃഷിചെയ്തും ഗോത്രാടിസ്ഥാനത്തിൽ ജീവിച്ചിരുന്ന അമേരിന്ത്യക്കാർ (ചുകന്ന ഇന്ത്യക്കാർ) ശതാബ്ദങ്ങളായി അവിടെ പാർത്തുവന്നു.

കൈയേറിയും, വെട്ടിപ്പിടിച്ചും, വിലയ്ക്കുവാങ്ങിയും അമേരിന്ത്യരെ സ്ഥാനഭ്രഷ്ടരാക്കിയാണു് വെള്ളക്കാർ വടക്കേ അമേരിക്കയിൽ ആധിപത്യം ഉറപ്പിച്ചതു്.

അമേരിക്കൻ ഐക്യരാഷ്ട്രങ്ങൾ നിലവിൽവന്നതിനുശേഷവും,

ഉത്തരാമേരിക്കയിലെ വിശാല ഭൂഭാഗങ്ങൾ അമേരിന്ത്യക്കാരുടെ കൈവശമായിരുന്നു.

1854—ൽ അന്നത്തെ അമേരിക്കൻ പ്രസിഡണ്ട് സിയാററിൽ എന്ന സ്ഥലത്തുള്ള ഇന്ത്യൻ ഗോത്രനേതാവുമായി, ആ ഗോത്രത്തിന്റെ വകയായ ഭൂമി മുഴുവൻ വിലയ്ക്കെടുക്കാൻ കൂടിയാലോചനകൾ നടത്തി. അമേരിന്ത്യക്കാർക്കു പാർക്കാൻ പ്രത്യേകമായി 'റിസർവേഷൻ' എന്ന പേരിൽ വേണ്ടത്ര ഭൂമി നീക്കിവയ്ക്കും. അതിനകത്തു് അവർക്കു പാരമ്പര്യ സംസ്കാരം പുലർത്തി ജീവിക്കാം. വെള്ളക്കാർ ഏറ്റെടുത്ത ഭൂമിയിലും അമേരിന്ത്യക്കാർക്കു പാർക്കാം; പണിയെടുത്തു പണക്കാരാവുകയും ചെയ്യാം. ഇതെല്ലാമായിരുന്നു വെള്ളക്കാർ മുന്നോട്ടുവെച്ച വ്യവസ്ഥകൾ.

ഈ നിർദേശം നിരസിക്കുക, നിർബലരായ അമേരിന്ത്യക്കാർക്കു സാധ്യമായിരുന്നില്ല. അമേരിക്കൻ പ്രസിഡണ്ടിന്റെ നിർദേശം സ്വീകരിച്ചുകൊണ്ടു് സിയാററിലിലെ അമേരിന്ത്യൻ ഗോത്രനേതാവു് വാഷിങ്ടണിലെ വെള്ളനേതാവിനു് ഒരു കത്തയച്ചു. മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധം മനോഹരമായി നിർവചിക്കുന്ന ഈ കത്തു് പ്രകൃതിയോടു പ്രേമമുള്ള എല്ലാവരും വായിച്ചു മനഃപാഠമാക്കേണ്ടതാണു്. 'ചുകന്ന ഇന്ത്യക്കാ'രുടെ ആ നേതാവു് എഴുതി:

'ആകാശത്തെ, ഊഷ്മാവുള്ള ഭൂമിയെ, നിങ്ങൾക്കു് എങ്ങനെ വാങ്ങാനോ വിൽക്കാനോ കഴിയും? ഞങ്ങൾക്കു പരിചയമില്ലാത്തതാണു് ഈ ആശയം. വായുവിന്റെ പുതുമയോ, വെള്ളത്തിന്റെ തിളക്കമോ നിങ്ങൾക്കു് ഉടമപ്പെട്ടതല്ലെങ്കിൽ, അവയെ നിങ്ങൾ എങ്ങനെയാണു വാങ്ങുക?

'ഈ ഭൂമിയുടെ ഓരോ ഭാഗവും പരിശുദ്ധമാണെന്നു് എന്റെ ആൾക്കാർ കരുതുന്നു. പൈൻമരത്തിന്റെ തിളങ്ങുന്ന ഓരോ സൂചിയിലയും, മണൽ പരന്ന ഓരോ കടൽത്തീരവും, ഇരുണ്ട കാട്ടിലെ ഓരോ മൂടൽമഞ്ഞും, കാട്ടിനിടയിലെ ഓരോ തുറന്ന സ്ഥലവും, മൂളുന്ന ഓരോ വണ്ടും എന്റെ ആൾക്കാരുടെ ഓർമ്മയിലും അനുഭവത്തിലും പരിശുദ്ധി നിറഞ്ഞവയാകുന്നു.

'മരങ്ങളിലൂടെ ഒഴുകുന്ന സസ്യരസം ചുകന്ന മനുഷ്യന്റെ സ്മരണകളെ വഹിക്കുന്നു.'

'വെള്ളക്കാരൻ മരിച്ചാൽ നക്ഷത്രങ്ങൾക്കിടയിൽ നടക്കാൻപോകുന്നു. പിന്നീടു് അയാൾ പിറന്ന നാടിനെ ഓർമ്മിക്കുകയില്ല. ഞങ്ങൾ മരിച്ചാലോ, സുന്ദരമായ ഈ ഭൂമിയെ പിന്നെ ഒരിക്കലും മറക്കുകയില്ല. കാരണം, ഈ ഭൂമിയത്രേ ചുകന്ന മനുഷ്യന്റെ അമ്മ. ഞങ്ങൾ ഈ ഭൂമിയുടെ ഭാഗമാണു്, ഈ ഭൂമി ഞങ്ങളുടേയും ഭാഗമാണു്. വാസനയുള്ള പൂക്കൾ ഞങ്ങളുടെ സഹോദരിമാരാണു്, മാനും കുതിരയും വലിയ പരുന്തും ഞങ്ങളുടെ സഹോദരന്മാരാണു്. മലയിലെ പാറക്കൊടുമുടികൾ, മൈതാനങ്ങളിലെ നീരോട്ടങ്ങൾ, കുതിരയുടെ മെയ്ച്ചൂടു്, മനുഷ്യൻ— എല്ലാം ഒരേ കുടുംബത്തിൽപ്പെട്ടവരത്രേ.

'അതിനാൽ, വാഷിങ്ടനിലെ മഹാനായ ഗോത്രാധിപതി (അമേരിക്കൻ പ്രസിഡണ്ട്) ഞങ്ങളുടെ ഭൂമി വാങ്ങാനാഗ്രഹിക്കുന്നുണ്ടെന്നു പറഞ്ഞയയ്ക്കുമ്പോൾ, അദ്ദേഹം ഞങ്ങളോടു ചോദിക്കുന്നതു് ഞങ്ങളുടെ സർവ്വസ്വമാണു്. ഞങ്ങൾക്കു സുഖമായി താമസിക്കാൻ ഒരു സ്ഥലം നീക്കിവയ്ക്കാമെന്നു് അദ്ദേഹം വാക്കുതരുന്നു. അദ്ദേഹം ഞങ്ങളുടെ പിതാവായിരിക്കും; ഞങ്ങൾ അദ്ദേഹത്തിന്റെ മക്കളും. അതിനാൽ, ഞങ്ങളുടെ ഭൂമി വാങ്ങാമെന്ന നിങ്ങളുടെ നിർദേശം ഞങ്ങൾ പരിഗണിക്കും. പക്ഷേ, അതു് എളുപ്പമല്ല. കാരണം, ഞങ്ങൾക്കു പരിശുദ്ധമാണു് ഈ ഭൂമി.

'അരുവികളിലും പുഴകളിലും ഒഴുകുന്ന ഈ തിളങ്ങുന്ന വെള്ളം വെറും വെള്ളമല്ല. അതു ഞങ്ങളുടെ പൂർവ്വികരുടെ രക്തമാകുന്നു. ഞങ്ങൾ ഭൂമി നിങ്ങൾക്കു വില്ക്കുകയാണെങ്കിൽ, ഈ ഭൂമി പരിശുദ്ധമാണെന്നു നിങ്ങൾ ഓർക്കുകയും, ഈ ഭൂമി പരിശുദ്ധമാണെന്നു നിങ്ങളുടെ സന്തതികളെ പഠിപ്പിക്കുകയും വേണം. തടാകങ്ങളിലെ നിർമ്മലജലത്തിലുള്ള ഓരോ അവ്യക്ത പ്രതിഫലനവും എന്റെ ജനതയുടെ ജീവിതത്തിലെ സംഭവങ്ങളെയും സ്മരണകളെയുമത്രേ വിവരിക്കുന്നതു്. അരുവിയുടെ മർമ്മരം എന്റെ അച്ഛന്റെ അച്ഛന്റെ ശബ്ദമാകുന്നു.

'നദികൾ ഞങ്ങളുടെ സഹോദരന്മാരാണു്. അവർ ഞങ്ങളുടെ ദാഹം തീർക്കുന്നു. നദികൾ ഞങ്ങളുടെ തോണികളെ വഹിക്കുകയും ഞങ്ങളുടെ കുട്ടികൾക്കു ഭക്ഷണം നൽകുകയുംചെയ്യുന്നു. ഞങ്ങളുടെ ഭൂമി ഞങ്ങൾ നിങ്ങൾക്കു വില്ക്കുകയാണെങ്കിൽ, നദികൾ ഞങ്ങളുടേയും നിങ്ങളുടേയും സഹോദരന്മാരാണെന്നു് നിങ്ങൾ ഓർമ്മിക്കുകയും, അങ്ങനെ നിങ്ങളുടെ സന്തതികളെ പഠിപ്പിക്കുകയും വേണം. ഒരു സഹോദരനു നൽകുന്ന കാരുണ്യം, ഇനിയങ്ങോട്ടു്, നിങ്ങൾ നദികൾക്കു നൽകണം.

'വെള്ളക്കാരുടെ നഗരങ്ങളിൽ ശാന്തിയുള്ള ഒരു ഇടവുമില്ല. വസന്തത്തിൽ തളിരുകൾ കൂമ്പു നിവരുന്ന ശബ്ദമോ, ഒരു തുമ്പിയുടെ ചിറകുകളുടെ മർമ്മരമോ ഇരുന്നുകേൾക്കാൻ ഒരു സ്ഥലവും ആ നഗരങ്ങളിലില്ല. എനിക്കിങ്ങനെ തോന്നുന്നതു് ഞാൻ ഒരു അപരിഷ്കൃതനായതുകൊണ്ടും, ഒന്നും എനിക്കു മനസ്സിലാവാത്തതുകൊണ്ടുമാവാം. നഗരങ്ങളിലെ ശബ്ദകോലാഹലം ചെവികളെ അപമാനിക്കുന്നതായാണു് എന്റെ തോന്നൽ. ഒരു ഭൈരവിപ്പുള്ളിന്റെ ഏകാന്തരോദനമോ കുളങ്ങൾക്കു ചുററും രാത്രികളിൽ തവളകൾ നടത്തുന്ന വാദകോലാഹലങ്ങളോ കേൾക്കാൻ മനുഷ്യനു കഴിവില്ലെങ്കിൽ, ജീവിതംകൊണ്ടു് എന്തു പ്രയോജനം?

'വായു അമൂല്യമാണെന്നു് ചുകന്ന മനുഷ്യൻ കരുതുന്നു. കാരണം, ഒരേ ശ്വാസവായുവാണു് എല്ലാ വസ്തുക്കൾക്കും മൃഗത്തിനും മരത്തിനും മനുഷ്യനും. അവരെല്ലാം ഒരേ ശ്വാസത്തിൽ പങ്കാളികളത്രേ. താൻ ശ്വസിക്കുന്ന വായുവിനെ വെള്ളക്കാരൻ ശ്രദ്ധിക്കുന്നതായി കാണുന്നില്ല പല ദിവസങ്ങളായി മരിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്കെന്നപോലെ വെള്ളക്കാരനു് ദുർഗന്ധം തിരിച്ചറിയാനുള്ള ശക്തി നശിച്ചിരിക്കുന്നു.

'ഞങ്ങൾ ഭൂമി നിങ്ങൾക്കു വില്ക്കുകയാണെങ്കിൽ, വായു ഞങ്ങൾക്കു് അമൂല്യമാണെന്നു നിങ്ങൾ ഓർമ്മിക്കണം. വായുമൂലം നിലനില്ക്കുന്ന എല്ലാററിന്റെയും ആത്മാവും, വായുവിന്റെ ആത്മാവും ഒന്നാണെന്നു നിങ്ങൾ ഓർമ്മിക്കണം. ഞങ്ങളുടെ പിതാമഹനു് ആദ്യശ്വാസം നല്കിയ ഈ വായുവിലാണു് അദ്ദേഹത്തിന്റെ അന്ത്യനിശ്വാസവും ലയിച്ചിട്ടുള്ളതു്. ഞങ്ങളുടെ ഭൂമി നിങ്ങൾക്കു ഞങ്ങൾ വില്ക്കുകയാണെങ്കിൽ, അതൊരു വിശുദ്ധ സ്ഥലമായി നിങ്ങൾ നീക്കിവയ്ക്കണം. താഴ്‌വരയിലെ പൂക്കളുടെ സുഗന്ധംകൊണ്ടു മാധുര്യമിയന്ന വായു അവിടെച്ചെന്നു ശ്വസിക്കുവാൻ വെള്ളക്കാരനുകൂടിയും സാധ്യമായിരിക്കണം.

'അങ്ങനെയെങ്കിൽ, ഞങ്ങളുടെ ഭൂമി വാങ്ങാനുള്ള നിങ്ങളുടെ നിർദ്ദേശം ഞങ്ങൾ പരിഗണിക്കാം. ഞങ്ങൾ ഭൂമി വില്ക്കാൻ സമ്മതിക്കുകയാണെങ്കിൽ ഒരു വ്യവസ്ഥ ഞാൻ മുന്നോട്ടുവയ്ക്കും. ഈ ഭൂമിയിലെ മൃഗങ്ങളെ തന്റെ സഹോദരരായി വെള്ളക്കാരൻ കണക്കാക്കണം. മൃഗങ്ങളില്ലെങ്കിൽപ്പിന്നെ മനുഷ്യൻ എന്തു്? മൃഗങ്ങളെല്ലാം പൊയ്ക്കഴിഞ്ഞാൽ ആത്മാവിന്റെ അപാരമായ ഏകാന്തതമൂലം മനുഷ്യൻ മരിക്കും. കാരണം, മൃഗങ്ങൾക്കു സംഭവിക്കുന്നതു്, താമസിയാതെ, മനുഷ്യനും സംഭവിക്കുന്നു. അന്യോന്യം ബന്ധപ്പെട്ടവയാണു് എല്ലാ വസ്തുക്കളും.

'ഭൂമി നമ്മുടെ അമ്മയാണെന്നു് ഞങ്ങളുടെ കുട്ടികളെ ഞങ്ങൾ പഠി

പ്പിച്ചുവന്നു. ഇതു നിങ്ങളുടെ കുട്ടികളെയും പഠിപ്പിക്കുക. ഭൂമിക്കു വരുന്നതെല്ലാം ഭൂമിയുടെ മക്കൾക്കും വന്നുകൂടുന്നു. നിലത്തു തുപ്പുമ്പോൾ നാം നമ്മുടെ മുഖത്തുതന്നെയാണു തുപ്പുന്നതു്.

'ഒരു കാര്യം ഞങ്ങൾക്കറിയാം: ഭൂമി മനുഷ്യന്റേതല്ല. മനുഷ്യൻ ഭൂമിയുടേതാണെന്ന സത്യം. ഇതു ഞങ്ങൾക്കു് നന്നായറിയാം. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും രക്തത്താൽ ബന്ധപ്പെട്ടിരിക്കുന്നതു പോലെ, എല്ലാ വസ്തുക്കളും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാററിനുമുണ്ടു് പരസ്പരബന്ധം. ജീവിതവസ്ത്രം മനുഷ്യൻ നെയ്തതല്ല. ആ വസ്ത്രത്തിലെ ഒരു ഇഴ മാത്രമാണു് അവൻ. ജീവിതവസ്ത്രത്തോടു് മനുഷ്യൻ ചെയ്യുന്നതെല്ലാം, തന്നോടുതന്നെയത്രേ അവൻ ചെയ്യുന്നതു്.'

പ്രകൃതിയുമായി ഇണങ്ങിജീവിച്ച ഒരു ജനത സഹസ്രാബ്ദങ്ങളിലൂടെ നേടിയ വിവേകത്തിന്റെ കാച്ചിക്കുറുക്കിയ സത്തു് അത്രേ ഈ സന്ദേശം. അമേരിക്കയിലെ വെള്ളക്കാരൻ അതു് ഉൾക്കൊള്ളുകയുണ്ടായില്ലെന്നു പറയേണ്ടതില്ല.

ദരിദ്രരും പ്രകൃതിമാത്രശരണരുമായ നമുക്കു് വളരെ വൈകിയ വേളയിലെങ്കിലും ഈ സന്ദേശം ഉൾക്കൊള്ളാൻ കഴിയുമോ?

**28 ആഗസ്റ്റ്, 1983**

## 95. എന്തുകൊണ്ടു് പ്രകൃതിസംരക്ഷണം?

ലോകവന്യജീവനിധിയുടെ (വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്) അദ്ധ്യക്ഷനാണു് ബ്രിട്ടനിലെ എലിസബത്ത് രാജ്ഞിയുടെ ഭർത്താവായ എഡിൻബറോപ്രഭു, ഫിലിപ്പ് രാജകുമാരൻ. നവംബർ മാസത്തിൽ ദൽഹിയിൽ നടന്ന കോമൺവെൽത്ത് സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ രാജ്ഞിയോടൊപ്പം ഫിലിപ്പ് രാജകുമാരനും ഇന്ത്യ സന്ദർശിച്ചിരുന്നു. വന്യജീവനിധിയിലേക്കു പണം ശേഖരിക്കുന്നതിനായി നവംബർ 24-ാം തീയതി ബോംബെയിൽ നടത്തിയ ഒരു വിരുന്നുസൽക്കാരത്തിൽ, വന്യജീവസംരക്ഷണത്തിനുള്ള ഒരു തീവ്രയത്ന പരിപാടി എന്തുകൊണ്ടു് ലോകത്തിലെങ്ങും അനുപേക്ഷണീയമായിത്തീർന്നിരിക്കുന്നു എന്നു വിവരിച്ചുകൊണ്ടു് ഫിലിപ്പ് രാജകുമാരൻ പ്രസംഗിക്കുകയുണ്ടായി. രസകരവും വിജ്ഞാനപ്രദവുമായിരുന്ന ഈ പ്രസംഗം, എന്തുകൊണ്ടോ, മലയാളപത്രങ്ങളിലൊന്നും റിപ്പോർട്ടുചെയ്തതായി കണ്ടില്ല.

'വന്യജീവികൾ എന്നതുകൊണ്ടു കാട്ടുമൃഗങ്ങളെ മാത്രമല്ല, ഉദ്ദേശിക്കുന്നതു് എന്നു് ആദ്യമേ വ്യക്തമാക്കേണ്ടതുണ്ടു്. മനുഷ്യൻ സാമ്പത്തിക പ്രയോജനമുദ്ദേശിച്ചു വളർത്താത്ത, കാട്ടിലും, നാട്ടിലും, കടലിലുമുള്ള, എല്ലാ ജീവികളും സസ്യങ്ങളും വന്യജീവികൾതന്നെ. ഉറുമ്പും, എട്ടുകാലിയും, വാവലും, കാക്കയും, പച്ചക്കിളികളും, കീരിയും, പാമ്പും, മുയലും, കുറുക്കനും, മീനും, തവളയും, പായലും പുല്ലും, വള്ളിയും മരവും, എല്ലാം, ആനയേയും കടുവയേയുംപോലെ, സംരക്ഷിക്കപ്പെടേണ്ട വന്യജീവികളുടെ കൂട്ടത്തിൽപ്പെടുന്നു.

ഇതിൽനിന്നു് ഉത്ഭവിക്കുന്ന ഒരു വസ്തുത, വന്യജീവിസംരക്ഷണം ഏതാനും വനംവകുപ്പുദ്യോഗസ്ഥന്മാരുടെ മാത്രം ബാദ്ധ്യതയല്ല എന്നതാണു്. അറിഞ്ഞോ അറിയാതെയോ വന്യജീവികളെ നശിപ്പിക്കുന്നതിനു് നാമെല്ലാം കൂട്ടു നില്ക്കുന്നു. അതിനാൽ നാമെല്ലാം മനസ്സുവെച്ചാലേ വന്യ